**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1616** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പി.ആർ.എസ്. വായ്പയിലെ പോരായ്മകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. എം. എം. നസീർ

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** പാഡി റസിപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പ വഴി കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്ന രീതിയിലെ പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വായ്പയായല്ലാതെ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u> പി. ആർ.എസ് വായ്പ വഴി കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്ന രീതിയിലെ പോരായ്മകൾ തിരിച്ചറിഞ്ഞ് അവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.**

**പി.ആർ.എസ്. വായ്പയായല്ലാതെ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ നിലവിലില്ല. ഇതിനായി സർക്കാർ റിവോൾവിംഗ് ഫണ്ട് സംവിധാനത്തിന്റെ സാധ്യത പരിശോധിക്കുന്നതാണ്.**

**(ബി)** പാഡി റസിപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാ ഇനത്തിൽ ബാങ്കുകൾക്ക് സർക്കാർ നൽകാനുള്ള തുക കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

**<u>മറുപടി:</u> ബാധകമല്ല.**

**(സി)** പാഡി റസിപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാ പദ്ധതിയ്ക്ക് പകരം മറ്റെന്തെങ്കിലും സംവിധാനത്തിലൂടെ കർഷകർക്ക് സമയബന്ധിതമായി കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ഉറപ്പാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പി.ആർ.എസ്. വായ്പ പദ്ധതിക്ക് പകരം സർക്കാർ റിവോൾവിംഗ് ഫണ്ട് സംവിധാനത്തിന്റെയും അതുവഴി കർഷകർക്ക് സമയബന്ധിതമായി തുക ലഭിക്കുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**